## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2543 17.08.2017 ൽ മറുപടിയ്ക്ക്

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ 2016-17 വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ; | (എ) | 85 ലക്ഷം രൂപ എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും, 7,28,95,000/- രൂപ വിമുക്തി മിഷന്റെ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും 2016-17 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | 2017-18 വർഷം എന്തെങ്കിലും തുക ബജറ്റിൽ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിൽ എത്ര തുക ചെലവഴിച്ച എന്ന് വ്യക്തമാക്കുമോ ; | (ബി) | 2017-18 വർഷം എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി നോൺ പ്ലാൻ ഫണ്ടിൽ 150 ലക്ഷം രൂപയും, പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപയും അനുവദിച്ചു. ഇതിൽ 19.90 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം വിമുക്തി മിഷൻ പ്രവർത്തനങ്ങൾക്കായി 21,72,86,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. സുബോധം റ്റി.എസ്.ബി അക്കൗണ്ടും ആയതിലെ തുകയായ 1,56,65,449/- രൂപയും വിമുക്തിയുടെ പ്രവർത്തനങ്ങൾക്കായി എക്സൈസ് കമ്മീഷണറുടെ പേരിൽ മാറ്റുകയും ആയതിൽ നിന്നും നാളിതുവരെ 7,74,737/- രൂപ വിമുക്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴി ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2016-17 വർഷം ഇതിലേയ്ക്കായി എത്ര കോടി രൂപാ ചെലവഴിച്ചിട്ടുണ്ട്;ഇത് ഏതൊക്കെ കാര്യത്തിനാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ? | (സി) | എക്സൈസ് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാതല പ്രവർത്തനഫണ്ട്, സ്കൂൾ/, കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനഫണ്ട്, ഓണാഘോഷം, പൂരം, മറ്റ് ആഘോഷ |

| | | | |
|---|---|---|---|
| | | | പരിപാടികൾ എന്നിവയോടനുബന്ധിച്ചുള്ള ലഹരി വിരുദ്ധസ്റ്റാളുകൾ/ഫ്ളോട്ടുകൾ,ബോധവത്ക്കരണ പരസ്യ പ്രചാരണ പരിപാടികൾ, ആദിവാസി മേഖലയിലെ ബോധവത്ക്കരണം, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം, ഗാന്ധിജയന്തി ദിനാചരണം, റിംഗ് ടോൺ വഴിയുള്ള ബോധവത്ക്കരണം എന്നീ പ്രവർത്തനങ്ങൾക്കാ യി 2016-17 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന് അനുവദിച്ച 85 ലക്ഷം രൂപയും, വിമുക്തിമിഷൻ പ്രവർത്തനങ്ങൾക്ക് അനുവദിച്ച 7,28,95,000/- രൂപയിൽ 5,91,83,056/ രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ